# PSC L.D ക്ലാർക്ക് മുൻവർഷ ചോദ്യപേപ്പർ

## തിരുവനന്തപുരം 2011 Cut off - 58

1. ഐക്യരാഷ്ട്രസഭയിൽ ഏറ്റവും അവസാനമായി അംഗമായ രാജ്യം ഏത് ?
   (a) കൊസോവ (b) മോണ്ടിനെഗ്രോ (c) ഈസ്റ്റ് ടിമൂർ (d) സൗത്ത് സുഡാൻ
2. 2010-ലെ രാജീവ്ഗാന്ധി ഖേൽരത്ന അവാർഡ് നേടിയ കായിക താരം ആര് ?
   (a) വിശ്വനാഥൻ ആനന്ദ് (b) സാനിയ മിർസ
   (c) സൈന നെഹ്‌വാൾ (d) എം.എസ്. ധോണി
3. താഴെ പറയുന്നവയിൽ സ്കാൻഡിനേവിയൻ രാജ്യം അല്ലാത്തതേത് ?
   (a) സ്പെയിൻ (b) സ്വീഡൻ (c) നോർവെ (d) ഡെൻമാർക്ക്
4. ഫെയ്സ്ബുക്ക് എന്ന ഇന്റർനെറ്റ് കൂട്ടായ്മയുടെ സ്ഥാപകൻ ആര് ?
   (a) ജൂലിയൻ അസാഞ്ച് (b) ബിൽ ഗേറ്റ്സ്
   (c) മാർക്ക് സക്കർബർഗ് (d) സബീർഭാട്ടിയ
5. ദേശീയ വിജ്ഞാന കമ്മീഷൻ ചെയർമാൻ ആര് ?
   (a) സാംപിത്രോഡ (b) എം.എസ്. സ്വാമിനാഥൻ
   (c) എം.എസ്. അലുവാലിയ (d) കെ.ജി. ബാലകൃഷ്ണൻ
6. സമീപകാലത്ത് ഇൻഡ്യക്കാരുടേതടക്കമുള്ള നിക്ഷേപത്തിന്റെ ഇടപാടു രഹസ്യം വെളിപ്പെടുത്തിയ ബാങ്ക് ഏത് ?
   (a) ലക്സംബർഗ് (b) ബഹാമാസ്
   (c) ചാനല് ഐലൻഡ് (d) ലിച്ചൻസ്റ്റെയ്ൻ
7. നെല്ല് ഉൽപാദനത്തിൽ ലോകത്ത് ഒന്നാംസ്ഥാനത്ത് നിൽക്കുന്ന രാജ്യം ഏത് ?
   (a) ഇൻഡ്യ (b) ചൈന (c) യു.എസ്.എ. (d) ബ്രസീൽ
8. നേപ്പാളിലെ ഇപ്പോഴത്തെ പ്രധാനമന്ത്രി ആര്
   (a) ഝലാനാഥ് ഖനാൽ (b) മാധവ്കുമാർ നേപ്പാൾ
   (c) പ്രചണ്ഡ (d) ജി.പി. കൊയ്‌രാള
9. ഗൂർണിക്ക എന്ന പ്രശസ്തമായ ചിത്രം വരച്ചതാര് ?
   (a) ലിയണാർഡോ ഡാവിഞ്ചി (b) രാജാ രവിവർമ്മ
   (c) എം.എഫ്. ഹുസൈൻ (d) പാബ്ലോ പിക്കാസോ
10. മിലേ സുർ മേരാ തുമാരാ എന്നാരംഭിക്കുന്ന പ്രശസ്തമായ ദേശീയോദ്ഗ്രഥന ഗാനം ചിട്ടപ്പെടുത്തിയത് ആര് ?
   (a) പണ്ഡിറ്റ് ഭീംസെൻ ജോഷി (b) എം.എസ്. സുബ്ബുലക്ഷ്മി
   (c) പണ്ഡിറ്റ് രവിശങ്കർ (d) അശോക് പത്കി
11. സമരം തന്നെ ജീവിതം ആരുടെ ആത്മകഥയാണ് ?
   (a) ഇ.എം.എസ്. (b) ഇ.കെ. നായനാർ
   (c) എ.കെ. ഗോപാലൻ (d) വി.എസ്. അച്യുതാനന്ദൻ

TALENT

12. അരിപ്പ പക്ഷിസങ്കേതം കേരളത്തിലെ ഏത് ജില്ലയിലാണ് ?
(a) തിരുവനന്തപുരം (b) കൊല്ലം (c) പാലക്കാട് (d) മലപ്പുറം

13. ശ്രീനാരായണ ധർമ്മപരിപാലനയോഗം സ്ഥാപിതമായ വർഷം ഏത് ?
(a) 1901 (b) 1902 (c) 1903 (d) 1904

14. കുറുവ ദ്വീപ് ഏത് നദിയിലാണ് ?
(a) പമ്പാ നദി (b) പാമ്പാർ (c) ഭവാനി (d) കബനി

15. മയ്യഴി ഗാന്ധി എന്നറിയപ്പെടുന്നത് ആര് ?
(a) കെ. കേളപ്പൻ (b) ടി.കെ. മാധവൻ
(c) ഐ.കെ. കുമാരൻ (d) ടി.എം. വർഗ്ഗീസ്

16. ഗാൽവനൈസേഷൻ ചെയ്യാൻ ഉപയോഗിക്കുന്ന ലോഹം ഏത് ?
(a) സിങ്ക് (b) ലെഡ് (c) ടിൻ (d) ചെമ്പ്

17. കടലിന്റെ ആഴം അളക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണം ഏത് ?
(a) സോണോമീറ്റർ (b) എക്കോസൗണ്ടർ
(c) അൾട്ടിമീറ്റർ (d) ഹൈഡ്രോഫോൺ

18. കാഴ്ചയെക്കുറിച്ചുള്ള ബോധം ഉളവാക്കുന്ന തലച്ചോറിന്റെ ഭാഗമേത് ?
(a) സെറിബെല്ലം (b) സെറിബ്രം
(c) മെഡുല ഒബ്ലോംഗേറ്റ (d) കോർണിയ

19. മുട്ടത്തോട് നിർമ്മിച്ചിരിക്കുന്ന വസ്തു ഏത് ?
(a) കാൽസ്യം കാർബണേറ്റ് (b) കാത്സ്യം ഫോസ്ഫേറ്റ്
(c) കാത്സ്യം ബൈ കാർബണേറ്റ് (d) കാത്സ്യം സൾഫേറ്റ്

20. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിലവിൽ വന്ന വർഷം ഏത് ?
(a) 1983 (b) 1984 (c) 1985 (d) 1986

21. ഇൻഡ്യയിൽ ആദ്യമായി എയ്ഡ്സ് രോഗം റിപ്പോർട്ട് ചെയ്ത നഗരം ഏത് ?
(a) ചെന്നൈ (b) കൊൽക്കത്ത (c) മുംബൈ (d) ന്യൂഡൽഹി

22. ഇൻഡ്യയിൽ ആദ്യത്തെ ടെസ്റ്റ് ട്യൂബ് ശിശു ആര്?
(a) സെയ്ൻഹോഷ്മി (b) സുഭാഷ് (c) ചേതൻ (d) ദുർഗ

23. ഏതിന്റെയെല്ലാം സംയുക്തമാണ് അമോണിയ ?
(a) കാർബൺ, ഹൈഡ്രജൻ (b) കാർബൺ, നൈട്രജൻ
(c) നൈട്രജൻ, ഹൈഡ്രജൻ (d) നൈട്രജൻ, ഓക്സിജൻ

24. താഴെ പറയുന്നവയിൽ കമ്പ്യൂട്ടർ ഓപ്പറേറ്റിംഗ് സിസ്റ്റം അല്ലാത്തത് ഏത് ?
(a) ആൻഡ്രോയ്ഡ് (b) ഉബുണ്ടു (c) ലിനക്സ് (d) വിൻഡോസ്

25. എന്താണ് ഡാർട്ട് സിസ്റ്റം (DART) ?
(a) സുനാമി മുന്നറിയിപ്പ് സംവിധാനം
(b) ഭൂകമ്പ മുന്നറിയിപ്പ് സംവിധാനം
(c) അഗ്നിപർവ്വത സ്ഫോടന മുന്നറിയിപ്പ് സംവിധാനം
(d) ഇതൊന്നുമല്ല

26. ഇൻഡ്യയിലെ ആദ്യത്തെ ബയോസ്ഫിയർ റിസർവ് ഏത് ?
(a) നന്ദാദേവി (b) സുന്ദർബൻ (c) ഗൾഫ് ഓഫ് മന്നാർ (d) നീലഗിരി

TALENT

27. താഴെ പറയുന്നവയിൽ ഭ്രംശതാഴ്‌വരയിലൂടെ ഒഴുകുന്ന നദി ഏത് ?
(a) സിന്ധു (b) നർമ്മദ (c) ബ്രഹ്മപുത്ര (d) മഹാനദി

28. ആർട്ടിക് മേഖലയിലെ ഇൻഡ്യയുടെ ആദ്യ പര്യവേഷണ കേന്ദ്രം ഏത് ?
(a) ഹിമാദ്രി (b) ഗംഗോത്രി (c) പ്രിയദർശിനി (d) മൈത്രി

29. ഏറ്റവും വിസ്തീർണ്ണം കുറഞ്ഞ സ്കാൻഡിനേവിയൻ രാജ്യം ഏത് ?
(a) റുമേനിയ (b) സ്വീഡൻ (c) ഫിൻലാൻഡ് (d) ഡെൻമാർക്ക്

30. ആൽപ്സ് പർവ്വതത്തിന്റെ വടക്കേ ചെരിവിലൂടെ വീശുന്ന ഉഷ്ണക്കാറ്റാണ് .........
(a) നോർവെസ്റ്റർ (b) ഫൊൻ (c) ശിലാവർ (d) ബോറ

31. തരിസാപ്പള്ളി ശാസനം പുറപ്പെടുവിച്ച ചേരരാജാവ് ആര് ?
(a) വിക്രമാദിത്യ വരഗുണൻ (b) ഭാസ്കര രവി വർമ്മൻ
(c) ശ്രീവല്ലഭൻ കോത (d) സ്ഥാണുരവി കുലശേഖരൻ

32. വിജയനഗര സാമ്രാജ്യത്തിന്റെ അവശേഷിപ്പുകൾ കാണപ്പെടുന്ന സ്ഥലം ഏത് ?
(a) തഞ്ചാവൂർ (b) ഹമ്പി (c) വിജയവാഡ (d) വിശാഖപട്ടണം

33. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായ ആദ്യ വിദേശി ആര്?
(a) ജോർജ് യൂൾ (b) എ.ഒ. ഹ്യൂം
(c) ജോൺ ലോറൻസ് (d) ആനിബസന്റ്

34. ഉദയംപേരൂർ സുന്നഹദോസ് എന്ന പ്രസിദ്ധമായ ക്രിസ്തുമത സമ്മേളനം നടന്ന വർഷം?
(a) 1499 (b) 1699 (c) 1599 (d) 1399

35. ജയിലിൽ വെച്ച് വധിക്കപ്പെട്ട ബ്രിട്ടീഷ് വൈസ്രോയി ആര് ?
(a) കാനിംഗ് പ്രഭു (b) മേയോ പ്രഭു
(c) ജോൺ നോർത്ത് ബ്രൂക്ക് (d) കഴ്സൺ പ്രഭു

36. ഈസ്റ്റ് ഇൻഡ്യ അസോസിയേഷൻ രൂപീകൃതമായ വർഷം ഏത് ?
(a) 1870 (b) 1868 (c) 1867 (d) 1866

37. ഹൈദരാബാദിനെ ഇൻഡ്യൻ യൂണിയനിൽ ലയിപ്പിക്കാൻ നടത്തിയ സൈനിക നീക്കമാണ്..........
(a) ഓപ്പറേഷൻ പോളോ (b) ഓപ്പറേഷൻ വിജയ്
(c) ഓപ്പറേഷൻ ബ്ലാക്ക് തണ്ടർ (d) ഓപ്പറേഷൻ സ്റ്റോം

38. ഐക്യരാഷ്ട്രസഭ അന്തർദേശീയ ജൈവവൈവിധ്യ വർഷമായി ആചരിക്കുന്നതെന്ന് ?
(a) 2008 (b) 2009 (c) 2011 (d) 2010

39. അദ്വൈത ചിന്താ പദ്ധതി എന്ന കൃതിയുടെ കർത്താവ് ആര് ?
(a) മന്നത്ത് പത്മനാഭൻ (b) ചട്ടമ്പിസ്വാമികൾ
(c) ഡോ. പൽപ്പു (d) മിതവാദി സി. കൃഷ്ണൻ

40. ഇൻഡ്യൻ മാക്യവല്ലി എന്നറിയപ്പെടുന്നത് ആര് ?
(a) വിഷ്ണു ഗുപ്തൻ (b) ഹർഷവർദ്ധനൻ
(c) അശ്വഘോഷൻ (d) വരരുചി

41. യമുനാ നദി ഗംഗയുമായി ചേരുന്നത് എവിടെ വെച്ചാണ് ?
(a) അലഹബാദ് (b) മഥുര (c) കാശി (d) ഹരിദ്വാർ

42. കേരള പഞ്ചായത്തീരാജ് നിയമം പാസ്സാക്കിയ വർഷം ?
(a) 1992 (b) 1994 (c) 1993 (d) 1995

TALENT

43. ആദ്യ കേരളാ നിയമസഭയിലെ വനിതാ അംഗങ്ങളുടെ എണ്ണം എത്ര ?
(a) 4 (b) 5 (c) 6 (d) 7

44. സമുദ്രനിരപ്പിൽ നിന്ന് ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഭൂഖണ്ഡം ഏത് ?
(a) ഏഷ്യ (b) അന്റാർട്ടിക്ക (c) യൂറോപ്പ് (d) ആസ്ട്രേലിയ

45. സംയോജിത ശിശു വികസന പദ്ധതി (ICDS) നിലവിൽ വന്നത് എന്ന്?
(a) 1975 ഒക്ടോബർ 2 (b) 1974 ഒക്ടോബർ 2
(c) 1874 നവംബർ 4 (d) 1975 നവംബർ 14

46. നഗരപ്രദേശങ്ങളിലെ ദരിദ്ര പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതിയായ പ്രതിഭാ കിരൺ യോജന നടപ്പിലാക്കിയ സംസ്ഥാനം ഏത് ?
(a) ഉത്തർപ്രദേശ് (b) ബീഹാർ (c) രാജസ്ഥാൻ (d) മധ്യപ്രദേശ്

47. ത്രിതല പഞ്ചായത്ത് സംവിധാനത്തെക്കുറിച്ച് ശുപാർശ നൽകിയത് ആരുടെ നേതൃത്വത്തിലുള്ള സമിതി ആയിരുന്നു ?
(a) എസ്.എം. സിംഗ്‌വി (b) കെ. സന്താനം
(c) ബൽവന്ത്റായ് മേത്ത (d) ജി.വി.കെ റാവു

48. താഴെ പറയുന്നവയിൽ ഏത് സംസ്ഥാനത്താണ് പഞ്ചായത്തീരാജിനെ സംബന്ധിച്ചുള്ള 73-ാം ഭരണഘടനാ ഭേദഗതി പ്രാബല്യത്തിൽ ഇല്ലാത്തത് ?
(a) മിസോറാം (b) ത്രിപുര (c) അരുണാചൽ പ്രദേശ് (d) സിക്കിം

49. കേരളാ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ എത്ര അംഗങ്ങളുണ്ട് ?
(a) 2 (b) 3 (c) 4 (d) 6

50. പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള പ്രത്യേക ദേശീയ കമ്മീഷൻ രൂപീകരിച്ചത് എത്രാമത് ഭരണഘടനാ ഭേദഗതിയിലൂടെയാണ് ?
(a) 86 (b) 89 (c) 92 (d) 84

51. മേയ നാമത്തിന് ഉദാഹരണമേത് ?
(a) മാങ്ങ (b) വെയിൽ (c) അവൻ (d) നദി

52. നവരസങ്ങൾ - എന്നതിലെ സമാസമേത് ?
(a) ദിഗു സമാസം (b) കർമ്മധാരയൻ (c) ബഹുവ്രീഹി (d) നിത്യസമാസം

53. ശരിയായ വാക്യം ഏത് ?
(a) അവൻ അമ്പലത്തിന് ചുറ്റും പ്രദക്ഷിണം വച്ചു
(b) തുലാഭാരത്തിനായി നൂറ് തേങ്ങകൾ എത്തിച്ചു
(c) നീയിങ്ങനെ ചിന്തിച്ചു പോയാൽ ഞാനെന്തു ചെയ്യാനാണ്
(d) ഇന്നും നമ്മുടെ നാട്ടിൽ എല്ലായിടത്തും സർവത്ര അഴിമതിയാണ്

54. ശരിയേത് ?
(a) അണ്ട കടാകം (b) അണ്ഡ കടാഹം
(c) അണ്ഠ കടാകം (d) അൺട കടാകം

55. പിപാസ എന്നത് ഏതിന്റെ പര്യായപദമാണ് ?
(a) ദാഹം (b) മോഹം (c) അസൂയ (d) ജിജ്ഞാസ

56. കരിമ്പനപ്പട്ടകളിൽ കാറ്റു പിടിക്കുന്ന പോലെ ഞാൻ ചിലപ്പോൾ ചിലതിൽ നഷ്ടപ്പെടുന്നു. അത് പകർത്താൻ ശ്രമിച്ചെന്നു മാത്രം -
(a) സേതു (b) എം.ടി. വാസുദേവൻ നായർ
(c) എം. മുകുന്ദൻ (d) ഒ.വി. വിജയൻ

TALENT

57. കാക്കനാടൻ എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്നത് ആര് ?
(a) വി.വി. അയ്യപ്പൻ (b) കെ.ഇ. മത്തായി
(c) ജോർജ് വർഗ്ഗീസ് (d) പി.സി. ഗോപാലൻ

58. 2010-ലെ വയലാർ അവാർഡ് ലഭിച്ചത് ആർക്കാണ്?
(a) ലളിതാംബിക അന്തർജനം (b) എം.പി. വീരേന്ദ്രകുമാർ
(c) ഡോ. എം. തോമസ് മാത്യു (d) വിഷ്ണുനാരായണൻ നമ്പൂതിരി

59. 'Black leg' എന്ന പ്രയോഗത്തിന്റെ മലയാള പരിഭാഷയെന്ത് ?
(a) കപടപാദം (b) കറുത്ത കാല് (c) കരിങ്കാലി (d) കരിഞ്ചന്ത

60. 'Forbidden fruit' - ഇതിന് സമാനമായ ഭാഷാപ്രയോഗം ഏത് ?
(a) മറച്ചു വച്ച കനി (b) വിലക്കപ്പെട്ട കനി
(c) മധുരിക്കുന്ന കനി (d) കിട്ടാക്കനി പുളിക്കും

61. $\dfrac{48-12\times3+9}{10-9\div3}$ = __________
(a) 39 (b) 351 (c) 6 (d) 3

62. $(64)^2-(36)^2=20x$ ആയാൽ $x=$ __________
(a) 140 (b) 130 (c) 120 (d) 100

63. ഒരു പരീക്ഷയിൽ 60% കുട്ടികൾ വിജയിച്ചു. പരാജയപ്പെട്ട കുട്ടികൾ 240 ആയാൽ ആകെ എത്ര കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു.
(a) 400 (b) 500 (c) 600 (d) 650

64. 1 രൂപയ്ക്ക് 2 നാരങ്ങ വാങ്ങിച്ച് 3 രൂപയ്ക്ക് 4 നാരങ്ങ വീതം വിൽക്കുകയാണെങ്കിൽ ലാഭ ശതമാനം എത്ര ?
(a) 40% (b) 50% (c) 30% (d) 60%

65. 10% കൂട്ടു പലിശ കണക്കാക്കുന്ന ഒരു ബാങ്കിൽ മനു 5000 രൂപ നിക്ഷേപിക്കുന്നു. എങ്കിൽ 2 വർഷത്തിനുശേഷം മനുവിന് എന്തു തുക തിരികെ ലഭിക്കും ?
(a) 5060 (b) 5050 (c) 6150 (d) 6050

66. ഒരു ത്രികോണത്തിന്റെ വശങ്ങൾ 3:4:5 എന്ന അംശബന്ധത്തിലാണ്. ത്രികോണത്തിന്റെ ചുറ്റളവ് 120 cm ആയാൽ, ഏറ്റവും നീളം കുറഞ്ഞ വശത്തിന്റെ അളവ് ?
(a) 30 cm (b) 15 cm (c) 40 cm (d) 50 cm

67. A യുടെ വേഗം B യുടെ ഇരട്ടിയാണ്. B യുടെ വേഗം C യുടെ മൂന്ന് ഇരട്ടിയാണ്. C യ്ക്ക് യാത്ര പൂർത്തിയാക്കാൻ 48 മിനിട്ട് എടുക്കുന്നു. എങ്കിൽ A എത്ര മിനിട്ടുകൊണ്ട് പ്രസ്തുത യാത്ര പൂർത്തിയാക്കും.
(a) 4 മിനിട്ട് (b) 6 മിനിട്ട് (c) 7 മിനിട്ട് (d) 8 മിനിട്ട്

68. 6 പേർ 12 ദിവസം കൊണ്ട് ഒരു ജോലി പൂർത്തിയാക്കുന്നു. എങ്കിൽ 8 പേർ എത്ര ദിവസം കൊണ്ട് ആ ജോലി പൂർത്തീകരിക്കും ?
(a) 6 ദിവസം (b) 9 ദിവസം (c) 8 ദിവസം (d) 10 ദിവസം

TALENT

69. 6 സംഖ്യകളുടെ ആവറേജ് 45 ആണ്. ഒരു സംഖ്യ കൂടി കൂട്ടുമ്പോൾ (ഉൾപ്പെടുമ്പോൾ) ആവറേജ് 46 ആകുന്നു. എന്നാൽ ഏതു സംഖ്യയാണ് പുതിയതായി ഉൾപ്പെടുത്തിയത് ?
(a) 52 (b) 48 (c) 54 (d) 46

70. ഒരു സമചതുരത്തിന്റെ വിസ്തീർണ്ണം 64 സ്ക്വയർ സെ.മീ. ആകുന്നു. എങ്കിൽ സമചതുരത്തിന്റെ ചുറ്റളവ് എത്ര ?
(a) 28 cm (b) 48 cm (c) 32 cm (d) 36 cm

പൂരിപ്പിക്കുക

71. 1, 5, 13, 25, 41, ___________
(a) 64 (b) 61 (c) 71 (d) 81

72. 5 നും 35 നും ഇടയ്ക്ക് 2 കൊണ്ടും 3 കൊണ്ടും നിശേഷം ഹരിക്കാവുന്ന എത്ര സംഖ്യകൾ ഉണ്ട് ?
(a) 3 (b) 4 (c) 5 (d) 6

73. ഒറ്റയാനെ കണ്ടുപിടിക്കുക.
(a) 121 (b) 81 (c) 64 (d) 84

74. $x + \frac{1}{x} = 2$ ആയാൽ $x^2 + \frac{1}{x^2}$ = ________
(a) 2 (b) 4 (c) 1 (d) 6

75. 5 x 8 = 49
6 x 7 = 58
2 x 2 = 13 എങ്കിൽ 3 x 5 എത്ര ?
(a) 67 (b) 62 (c) 26 (d) 36

76. 2008, ജനുവരി 1 ചൊവ്വാഴ്ച ആയാൽ 2009 ജനുവരി 1 ഏത് ദിവസം ആയിരിക്കും ?
(a) ശനി (b) വ്യാഴം (c) തിങ്കൾ (d) ചൊവ്വ

77. സമയം 3.30 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിക്കും ഇടയ്ക്കുള്ള കോൺ എത്രഡിഗ്രി ആണ് ?
(a) $30^0$ (b) $45^0$ (c) $60^0$ (d) $75^0$

78. ഒരു ക്യൂവിൽ ജോജിയുടെ സ്ഥാനം മുമ്പിൽ നിന്നും 10-ാമതും പുറകിൽ നിന്ന് 8-ാമതും ആണ്. എങ്കിൽ ക്യൂവിൽ എത്ര ആളുകൾ ഉണ്ട് ?
(a) 17 (b) 18 (c) 16 (d) 15

79. ഒരാൾ 8 കി.മീ. പടിഞ്ഞാറോട്ട് നടക്കുന്നു. പിന്നെ വലത്തോട്ട് തിരിഞ്ഞ് 3 കി.മീ.നടക്കുന്നു. വീണ്ടും വലത്തോട്ട് തിരിഞ്ഞ് 12 കി.മീ.നടക്കുന്നു. എങ്കിൽ തുടങ്ങിയ സ്ഥലത്തു നിന്നും അയാൾ ഇപ്പോൾ എത്ര കി.മീ. അകലെയാണ് ?
(a) 3 km (b) 4 km (c) 5 km (d) 6 km

80. കോഡ് ഭാഷയിൽ 257 = CFH
134 = B D E
എങ്കിൽ 560 = _______
(a) G P S (b) F G A (c) M A R (d) Q S T



TALENT

81. The child was unwilling to part _____ his toys.
(a) for (b) at (c) on (d) with
82. It is ________ book that won the prize.
(a) a (b) the (c) an (d) any
83. It was the _______ picture I 've ever seen.
(a) most beautiful (b) more beautiful (c) beautiful (d) less beautiful
84. There was no means of conveyance there, so we _______ walk.
(a) must (b) will (c) had to (d) may
85. Plants _______more quickly in summer than in winter.
(a) grows (b) are grow (c) grow (d) growing
86. He asked where she _______ going.
(a) is (b) will be (c) has been (d) was
87. Mr. John ________ ill for two weeks. He is still in hospital.
(a) is (b) has been (c) was (d) had been
88. He doesn't like geography, _______?
(a) does he ? (b) do he ? (c) doesn't he ? (d) don't he ?
89. He advised me _________ the army.
(a) joining (b) to join (c) join (d) to joining
90. The plane was crashed and the passengers _______
(a) perished (b) were perished (c) are perished (d) is perished
91. Collect the ________ from all possible sources.
(a) datas (b) pieces of data (c) data (d) datae
92. A make _______ shelter was made for the refugees.
(a) shift (b) up (c) believe (d) off
93. When did the accident _________ ?
(a) come up (b) come in (c) come on (d) come off
94. The firm progressed ____ ?
(a) ways and means (b) heart and soul
(c) hue and cry (d) by leaps and bounds
95. Ultrasonic waves _________ able the bats to locate objects:
(a) in (b) dis (c) en (d) un
96. Select the word closest in meaning to the word 'ado':
(a) calm (b) fuss (c) soft (d) peace
97. Opposite of the word 'action' is _________
(a) inaction (b) enaction (c) disaction (d) nonaction
98. Which of the following words is wrongly spelt?
(a) pandemonium (b) quintessence (c) anasthesia (d) ambiguous
99. Albert Einstein was a person with very high intelligence and great abilities
(a) scientist (b) genius (c) philosopher (d) visionary

Select the one-word equivalent of the words underlined:

100. The union leader was a skilfull and expert negotiator.
(a) adept (b) adapt (c) adopt (d) inept

TALENT

# ഉത്തരങ്ങളും അനുബന്ധവസ്തുതകളും
# PSC L.D ക്ലാർക്ക് മുൻവർഷ ചോദ്യപേപ്പർ
## തിരുവനന്തപുരം 2011

1. (d) ◆ ഔദ്യോഗിക നാമം - റിപ്പബ്ലിക് ഓഫ് സൗത്ത് സുഡാൻ
   - U.N.O. യുടെ 193-ാം അംഗരാജ്യമാണ് സൗത്ത് സുഡാൻ.
   - 2011 ജൂലായ് 9 ൽ സൗത്ത് സുഡാൻ ഒരു സ്വതന്ത്ര രാഷ്ട്രമായി.
   - 2011 ജൂലായ് 14 ൽ സൗത്ത് സുഡാൻ ഐക്യരാഷ്ട്രസഭയിൽ അംഗരാജ്യമായി.
   - സൗത്ത് സുഡാന്റെ തലസ്ഥാനം -ജൂബ

     നാണയം - സൗത്ത് സുഡാനീസ് പൗണ്ട്

     പ്രധാനമതം - ക്രിസ്തുമതം

     ഔദ്യോഗിക ഭാഷ - ഇംഗ്ലീഷ്

     പാർലമെന്റ് - കൗൺസിൽ ഓഫ് സ്റ്റേറ്റ്സ് (Upper House),

     നാഷണൽ ലജിസ്ലേറ്റീവ് അസംബ്ലി (Lower House)

2 (c) പ്രഥമ രാജീവ്ഗാന്ധി ഖേൽരത്ന പുരസ്കാരം ലഭിച്ചത് വിശ്വനാഥൻ ആനന്ദ് (1991-92)
   - 2008-ലെ രാജീവ്ഗാന്ധി ഖേൽരത്ന പുരസ്കാര ജേതാവ് - എം.എസ്. ധോണി

     2011 ലെ പുരസ്കാര ജേതാവ് - ഗഗൻ നാരംഗ്

     2012 ലെ ജേതാക്കൾ - വിജയ് കുമാർ, യോഗേശ്വർ ദത്ത്
   - ഇന്ത്യയിലെ ഏറ്റവും പരമോന്നത കായിക പുരസ്കാരമാണ് രാജീവ്ഗാന്ധി ഖേൽരത്ന പുരസ്കാരം.
   - 7.5 ലക്ഷം രൂപയാണ് രാജീവ് ഗാന്ധി ഖേൽരത്നയുടെ സമ്മാനതുക.

3. (a) ◆ ഫിൻലാൻഡ്, ഐസ്‌ലാൻഡ്, നോർവെ, ഡെൻമാർക്ക്, സ്വീഡൻ എന്നിവയാണ് സ്കാൻഡിനേവിയൻ രാഷ്ട്രങ്ങൾ
   - സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ ഏറ്റവും ചെറിയ രാജ്യം - ഡെൻമാർക്ക്
   - സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ ഏറ്റവും വലിയ രാജ്യം - സ്വീഡൻ

4 (c)
   - ലിനക്സ് സ്ഥാപകൻ - ലിനസ് ടോൾവാൾഡ്സ്
   - മൈക്രോ സോഫ്റ്റ് സ്ഥാപകൻ - ബിൽഗേറ്റ്സ്
   - ഹോട്ട് മെയിൽ സ്ഥാപകൻ - സബീർ ഭാട്ടിയ
   - വീക്കിലീക്സ് സ്ഥാപകൻ - ജൂലിയൻ അസാഞ്ച്
   - വിക്കീപീഡിയ സ്ഥാപകൻ - ജിമ്മി വെയ്ൽസ്
   - ഗൂഗിൾ സ്ഥാപകൻ - സെർജി ബ്രിൻ, ലോറൻസ് പേജ്
   - ടിറ്റർ സ്ഥാപകൻ - ജാക്ക് ഡോർസി
   - യാഹു സ്ഥാപകൻ - ഡേവിഡ് ഫിലോ, ജെറി യാങ്

5. (a) ◆ ദേശീയ വിജ്ഞാന കമ്മീഷൻ രൂപികരിച്ചത് -2005 ജൂൺ 13

TALENT

- പ്രധാനമന്ത്രിയുടെ ഉന്നതാധികാര ഉപദേശക സമിതിയാണ് ദേശീയ വിജ്ഞാന കമ്മീഷൻ.
- ഇന്ത്യയെ ഒരു knowledge society ആയി പരിവർത്തനം ചെയ്യലാണ് ദേശീയ വിജ്ഞാന കമ്മീഷന്റെ ലക്ഷ്യം.
- ദേശീയ വിജ്ഞാന കമ്മീഷൻ 300 ഓളം നിർദ്ദേശങ്ങൾ സമർപ്പിച്ചു.
- ദേശീയ വിജ്ഞാന കമ്മീഷൻ 8 അംഗസമിതി ആയിരുന്നു.
- 2009 മാർച്ച് വരെയായിരുന്നു ദേശീയ വിജ്ഞാന കമ്മിഷന്റെ കാലാവധി.
- ദേശീയ വിജ്ഞാന കമ്മിഷൻ 2009–ൽ സമർപ്പിച്ച റിപ്പോർട്ടിംഗ് 'Report to the Nation'.

6. (d), 7. (b)

- നെല്ല് ഉത്പാദനത്തിൽ ലോകത്ത് രണ്ടാം സ്ഥാനം ഇന്ത്യയ്ക്കാണ്.
- ഐക്യരാഷ്ട്ര സംഘടന അന്താരാഷ്ട്ര നെല്ല് വർഷമായി ആചരിച്ച വർഷം – 2004
- 2013 നെ ദേശീയ നെല്ല് വർഷമായി ആചരിച്ച രാഷ്ട്രം – ഫിലിപ്പൈൻസ്
- നെല്ലിന്റെ ശാസ്ത്രീയ നാമം – ഒറൈസ സറ്റൈവ
- നെൽ കൃഷിയ്ക്ക് ഏറ്റവും അനുയോജ്യമായ മണ്ണ് – എക്കൽ മണ്ണ്
- നെല്ലിന്റെ ജന്മദേശം – ആഫ്രിക്ക
- അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രം ഫിലിപ്പൈൻസിലെ മനിലക്കടുത്തുള്ള ലോസ്ബാനോസിൻ ആണ് സ്ഥിതി ചെയ്യുന്നത്.
- അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രം സ്ഥാപിതമായ വർഷം – 1962
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ നെല്ല് ഉത്പാദിപ്പിക്കുന്ന സംസ്ഥാനം – പശ്ചിമബംഗാൾ
- ഇന്ത്യയുടെ നെല്ലറ എന്നറിയപ്പെടുന്നത് – ആന്ധ്രാപ്രദേശ്

8. (a)

- 2013 അനുസരിച്ച് നേപ്പാളിലെ പ്രധാനമന്ത്രി – Khil Raj Regmi
- 2013 അനുസരിച്ച് നേപ്പാളിലെ പ്രസിഡന്റ് – റാം ബരൻ യാദവ്

9. (d)

- സ്പാനിഷ് രാജ്യക്കാരനായ ഒരു ചിത്രകാരനും, ശില്പിയും ആയിരുന്നു പാബ്ലോ പിക്കാസോ.
- ക്യൂബിസത്തിന്റെ ഉപജ്ഞാതാവ് എന്ന നിലയിൽ പ്രശസ്തനായിരുന്നു പിക്കാസോ.
- പാബ്ലോ പിക്കാസോയുടെ മറ്റ് പ്രശസ്തമായ ചിത്രങ്ങളാണ് ദ ബ്ലൂറൂം, ദ ഓൾഡ് ഗിറ്റാറിസ്റ്റ്, ദ വീപിംങ്ങ് വുമൺ എന്നിവ.
- മോണാലിസ, അവസാനത്തെ അത്താഴം, വിട്രൂവിയൻ മാൻ എന്നീ പ്രശസ്ത ചിത്രങ്ങൾ വരച്ചത് ലിയനാർഡോ ഡാവിഞ്ചിയാണ്.
- മൊണാലിസ ചിത്രം സൂക്ഷിച്ചിരിക്കുന്നത് പാരീസിലെ ലൂവ്ര് മ്യൂസിയത്തിലാണ്.
- ‘ഇന്ത്യൻ പിക്കാസോ’ എന്ന് വിളിക്കുന്ന ചിത്രകാരൻ – എം.എഫ്. ഹുസൈൻ
- 'നഗ്നപാദനായ ചിത്രകാരൻ' എന്നറിയപ്പെടുന്നത് – എം.എഫ്. ഹുസൈൻ
- എം.എഫ്. ഹുസൈന്റെ പ്രശസ്തമായ ചിത്രങ്ങളാണ് ഗജഗാമിനി, മദർ ഇന്ത്യ, ബ്രിട്ടീഷ് ഇന്ത്യ, ഗണേഷ്, സ്പ്രിൻക്ലിംഗ് ഹോഴ്സസ് എന്നിവ.
- രാധാമാധവം, ഹംസദമയന്തി, സീതാസ്വയംവരം, ശ്രീരാമപട്ടാഭിഷേകം, വിശ്വാമിത്രനും മേനകയും, മൈസൂർ ഖേദ, Here comes Papa തുടങ്ങിയവ രാജാരവിവർമ്മയുടെ പ്രശസ്തമായ ചിത്രങ്ങളാണ്.

10. (d) ◆ ഈ ഗാനം ചിട്ടപ്പെടുത്തിയത് അശോക് പത്കി ആണ് (Co-composed & arranged by Louis Banks).
ഗാനരചന നിർവ്വഹിച്ചത് - പീയുഷ് പാണ്ഡെ
◆ പണ്ഡിറ്റ് ഭീം സെൻ ജോഷി, ലതാമങ്കേഷ്കർ, ബാലമുരളീകൃഷ്ണ, കമലഹാസൻ, അമിതാഭ് ബച്ചൻ, തുടങ്ങിയ പ്രമുഖർ ചേർന്നാണ് ഈ ഗാനം ആലപിച്ചിരിക്കുന്നത്.

11. (d) ◆ സമരത്തിന് ഇടവേളകളില്ല - വി.എസ്. അച്യുതാനന്ദൻ
◆ ജീവിത സമരം - സി. കേശവൻ
◆ കേരളം മലയാളികളുടെ മാതൃഭൂമി - ഇ.എം.എസ്.
◆ ഒന്നേകാൽ കോടി മലയാളികൾ - ഇ.എം.എസ്.
◆ How I became a Communist - ഇ.എം.എസ്.
◆ Crisis in to chaos - ഇ.എം.എസ്.
◆ എന്റെ ജീവിതകഥ - എ.കെ.ജി.
◆ My Struggle - ഇ.കെ. നായനാർ
◆ My China Diary - ഇ.കെ. നായനാർ

12. (a) ◆ കേരളത്തിലെ ആദ്യ പക്ഷിസങ്കേതം - തട്ടേക്കാട് പക്ഷിസങ്കേതം
◆ എറണാകുളം ജില്ലയിലാണ് തട്ടേക്കാട് പക്ഷിസങ്കേതം സ്ഥിതി ചെയ്യുന്നത്.
◆ സലിം അലി പക്ഷിസങ്കേതം എന്ന പേരിലും തട്ടേക്കാട് പക്ഷിസങ്കേതം അറിയപ്പെടുന്നു.
◆ ബേക്കേർസ് എസ്റ്റേറ്റ് എന്ന് അറിയപ്പെട്ടിരുന്ന പക്ഷിസങ്കേതം - കുമരകം പക്ഷിസങ്കേതം
◆ കോട്ടയം ജില്ലയിലാണ് കുമരകം പക്ഷിസങ്കേതം സ്ഥിതി ചെയ്യുന്നത്.
◆ മയിലുകളുടെ സംരക്ഷണത്തിനുള്ള കേരളത്തിലെ പക്ഷിസങ്കേതം - ചൂലന്നൂർ (പാലക്കാട്)
◆ എറണാകുളം ജില്ലയിലെ പ്രശസ്തമായ പക്ഷിസങ്കേതമാണ് മംഗളവനം.
◆ കേരളത്തിലെ ഏറ്റവും ചെറിയ പക്ഷിസങ്കേതം - മംഗളവനം
◆ കടലുണ്ടി പക്ഷിസങ്കേതം സ്ഥിതിചെയ്യുന്നത് മലപ്പുറത്താണ്.

13. (c) ◆ ശ്രീനാരായണ ധർമ്മ പരിപാലന യോഗം രൂപീകൃതമായത് 1903 മെയ് 15 നാണ്.
◆ ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെ ആദ്യ അധ്യക്ഷൻ ശ്രീ നാരായണ ഗുരു
◆ ആദ്യ സെക്രട്ടറി - കുമാരനാശാൻ
◆ 1904-ൽ കുമാരനാശാന്റെ പത്രാധിപത്യത്തിൽ സ്ഥാപിതമായ എസ്.എൻ.ഡി.പി.യുടെ മുഖപത്രം -'വിവേകോദയം'

14. (d) ◆ വയനാട്ടിലാണ് കുറുവദ്വീപ് സ്ഥിതിചെയ്യുന്നത്.
◆ കേരളത്തിലെ ഏറ്റവും വലിയ നദീ ദ്വീപാണ് കുറുവ ദ്വീപ്.
◆ ഇന്ത്യയിലെ ഏറ്റവും വലിയ നദീ ദ്വീപ് - മജുലി (ബ്രഹ്മപുത്ര)
◆ കേരളത്തിൽ കിഴക്കോട്ടൊഴുകുന്ന കബനീ നദി കാവേരിയുടെ പോഷകനദിയാണ്.

15. (c) ◆ 'കേരള ഗാന്ധി' എന്നറിയപ്പെടുന്നത് കെ. കേളപ്പൻ ആണ്.

TALENT

16. (a) ◆ ഇരുമ്പിലോ സ്റ്റീലിലോ സിങ്ക് പൂശുന്ന പ്രക്രിയയാണ് ഗാൽവനൈസേഷൻ.
◆ ഇറ്റാലിയൻ ശാസ്ത്രജ്ഞനായ ലൂയ്ഗി ഗാൽവാനി (Luigi Galvani) -യിൽ നിന്നാണ് ഗാൽവനൈസേഷന് ആ പേര് ലഭിച്ചത്.

17. (b) ◆ ശബ്ദ തരംഗങ്ങൾ ഉപയോഗിച്ചാണ് എക്കോ സൗണ്ടർ ആഴം കണ്ടെത്തുന്നത്.
◆ ജലത്തിനടിയിലെ ശബ്ദം രേഖപ്പെടുത്താൻ ഉപയോഗിക്കുന്ന ഉപകരണമാണ് ഹൈഡ്രോഫോൺ.
◆ ഉയരം അളക്കാൻ ഉപയോഗിക്കുന്ന ഉപകരണമാണ് അൾട്ടിമീറ്റർ.

18. (b) ◆ മസ്തിഷ്കത്തിലെ ഏറ്റവും വലിയ ഭാഗമാണ് സെറിബ്രം
◆ ഭാവന, ചിന്ത, ഓർമ്മ, കാഴ്ച, കേൾവി, സുഗന്ധം, രുചി, സ്പർശം, ചൂട്, യുക്തി ചിന്ത എന്നിവയുടെ എല്ലാം കേന്ദ്രമാണ് സെറിബ്രം.
◆ ഐച്ഛിക പ്രവർത്തനങ്ങളെ (Voluntary action) എല്ലാം നിയന്ത്രിക്കുന്ന മസ്തിഷ്ക ഭാഗമാണ് സെറിബ്രം.
◆ സെറിബ്രത്തിലെ ഇടതു വലതു അർദ്ധഗോളങ്ങളെ കോർപ്പസ് കലോസം എന്ന നാഡീപാളി കൊണ്ട് ബന്ധിച്ചിരിക്കുന്നു.

19. (a) ◆ എല്ലുകൾ നിർമ്മിച്ചിരിക്കുന്നത് കാത്സ്യം ഫോസ്ഫേറ്റ് കൊണ്ടാണ്.

20. (c) ◆ ഇന്ത്യയിലെ പരിസ്ഥിതി സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ്.
◆ വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്
1. ഇന്ത്യയിലെ സസ്യജന്തുജാലങ്ങൾ, വനഭൂമി, വനസമ്പത്ത് എന്നിവയുടെ കണക്കെടുപ്പും സംരക്ഷണവും
2. മലിനീകരണ നിയന്ത്രണം
3. വനഭൂമി നശിച്ചുപോയ പ്രദേശങ്ങളിലെ വനവൽക്കരണം
4. പരിസ്ഥിതി സംരക്ഷണം, വന്യജീവികളുടെ സുരക്ഷ ഉറപ്പാക്കൽ
◆ 2013 അനുസരിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രി – ജയന്തി നടരാജൻ
◆ കേരള വനം വന്യജീവി വകുപ്പിന്റെ ആസ്ഥാനം – വഴുതക്കാട് (തിരുവനന്തപുരം)

21. (a) ◆ ലോകത്തിൽ ആദ്യമായി എയ്ഡ്സ് റിപ്പോർട്ട് ചെയ്തത് 1981 ജൂൺ 5നു അമേരിക്കയിലെ കാലിഫോർണിയയിലാണ്.
◆ ആദ്യകാലത്ത് എയ്ഡ്സ് അറിയപ്പെട്ടിരുന്ന പേര് – ഗ്രിഡ് രോഗം (ഗെയ് റിലേറ്റഡ് ഇമ്മ്യൂണൽ ഡെഫിഷ്യൻസി)
◆ 1986–ൽ ചെന്നൈയിൽ ഡോ. സുനീതി സോളമൻ ആണ് ഇന്ത്യയിൽ ആദ്യമായി എയ്ഡ്സ് രോഗം സ്ഥിതീകരിച്ചത്.
◆ എച്ച്.ഐ.വി. വൈറസിനെ കണ്ടെത്തിയത് ലൂക്ക് മൊണ്ടെയിനർ എന്ന ശാസ്ത്രജ്ഞനാണ്.
◆ എച്ച്.ഐ.വി. വൈറസ് ആർ.എൻ.എ. വൈറസ് വിഭാഗത്തിൽപ്പെടുന്നു.
◆ ലോക എയ്ഡ്സ് ദിനം – ഡിസംബർ 1 (since 1988)
◆ Acquired Immuno Deficiency Syndrome എന്നാണ് AIDS ന്റെ മുഴുവൻ പേര്
◆ എൻസൈം ലിങ്ക്ഡ് ഇമ്മ്യൂണോ സോർബെന്റ് ആസ്സെ (E L I S A) ആണ് എയ്ഡ്സ് തിരിച്ചറിയാനുള്ള ടെസ്റ്റ്.

TALENT

- AIDS ബാധ സ്ഥിരീകരിക്കാൻ നടത്തുന്ന ടെസ്റ്റാണ് വെസ്റ്റേൺ ബ്ലോട്ട്.
- ആന്റി റിട്രോ വൈറൽ ട്രീറ്റ്മെന്റ് (ART) ആണ് AIDS രോഗികൾക്കുള്ള സർക്കാർ ആശുപത്രികളിലെ ചികിത്സ.

22. (d)
- ലോകത്തിലെ ആദ്യത്തെ ടെസ്റ്റ് ട്യൂബ് ശിശു- ലൂയി ബ്രൗൺ (1978 ജൂലായ് 25)
- റോബർട്ട് എഡ്വേർഡ്സും പാട്രിക് സ്റ്റെപ്റ്റോയും ചേർന്ന് വികസിപ്പിച്ചെടുത്ത ഇൻ വിട്രോ ഫെർട്ടിലൈസേഷൻ (IVF)വഴിയാണ് ലോകത്തിലെ ആദ്യത്തെ ടെസ്റ്റ് ട്യൂബ് ശിശുവായ ലൂയി ബ്രൗൺ പിറന്നത്.
- ലോകത്തിലെ രണ്ടാമത്തേയും ഇന്ത്യയിലെ ആദ്യത്തേതുമായ ടെസ്റ്റ്ട്യൂബ് ശിശു - ദുർഗ (1978 October 3).
- ഡോക്ടർ സുഭാഷ് മുഖോപാദ്ധ്യയാണ് ഇന്ത്യയിലെ ആദ്യത്തെ ടെസ്റ്റ്ട്യൂബ് ശിശു വായ ദുർഗയെ വികസിപ്പിച്ചെടുത്തത്.

23. (c)
- അമോണിയയുടെ രാസസമവാക്യം - $NH_3$
- ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന അകാർബണിക രാസസംയുക്തമാണ് അമോണിയ
- ഫ്രിറ്റ്സ് ഹേബർ എന്ന ജർമ്മൻ ശാസ്ത്രജ്ഞനാണ് അമോണിയ വ്യാവസായികമായി നിർമ്മിക്കാനുള്ള പ്രകിയ കണ്ടെത്തിയത്.
- അമോണിയ വ്യാവസായികമായി നിർമ്മിക്കുന്ന പ്രക്രിയയാണ് ഹേബർസ് പ്രക്രിയ (Haber's Process)

  ($500\,^0C$ ൽ 250 അന്തരീക്ഷ മർദ്ദത്തിൽ നൈട്രജൻ വാതകത്തേയും ഹൈഡ്രജൻ വാതകത്തേയും കൂട്ടിയോജിപ്പിച്ചാണ് അമോണിയ നിർമ്മിക്കുന്നത്)

24. (a)
- സ്മാർട്ട് ഫോൺ, ടാബ്ലറ്റ് കംപ്യൂട്ടറുകൾ എന്നിങ്ങനെയുള്ള മൊബൈൽ ഉപകരണങ്ങൾക്കായി നിർമ്മിച്ച ഒരു ഓപ്പറേറ്റിംഗ് സിസ്റ്റം ആണ് ആൻഡ്രോയ്ഡ്.
- ഗൂഗിൾ നേതൃത്വം നൽകുന്ന ഓപ്പൺ ഹാൻഡ്സെറ്റ് അലയൻസ് എന്ന കൂട്ടായ്മയാണ് ആൻഡ്രോയ്ഡ് ഓപ്പറേറ്റിംഗ് സിസ്റ്റം നിർമ്മിക്കുന്നത്.

25. (a)
- Deep - Ocean Assessment and Reporting of Tsunamis എന്നാണ് ഡാർട്ടിന്റെ മുഴുവൻ പേര്

26. (d)
- മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കുവാനായി യുനെസ്കോ 1971-ൽ വിഭാവനം ചെയ്ത '**മാൻ ആൻഡ് ബയോസ്ഫിയർ റിസർവ്**' പ്രോഗ്രാമിന്റെ ഭാഗമായാണ് ഇന്ത്യയിൽ ബയോസ്ഫിയർ റിസർവ് ആരംഭിച്ചത്.
- ഇന്ത്യയിൽ നിലവിൽ 15 ബയോസ്ഫിയർ റിസർവുകൾ ഉണ്ട്.
- 1986-ൽ നിലവിൽ വന്ന നീലഗിരി ബയോസ്ഫിയർ റിസർവ് ആണ് ഇന്ത്യയിലെ ആദ്യത്തെ ബയോസ്ഫിയർ റിസർവ്.
- കേരളം, തമിഴ്നാട്, കർണാടകം എന്നീ സംസ്ഥാനങ്ങൾ നീലഗിരി ബയോസ്ഫിയർ റിസർവ്വിൽ പെടുന്നു.
- ഗുജറാത്തിലെ ഗ്യാൻഭാരതി ബയോസ്ഫിയർ റിസർവ് ആണ് ഇന്ത്യയിലെ ഏറ്റവും വലിയ ബയോസ്ഫിയർ റിസർവ്.
- ആസ്സാമിലെ ദിബ്രു-സെയ്ഖോവ ആണ് ഇന്ത്യയിലെ ഏറ്റവും ചെറിയ ബയോസ്ഫിയർ റിസർവ്.

TALENT

27. (b) ◆ ഇന്ത്യയിൽ പടിഞ്ഞാറോട്ടൊഴുകുന്ന ഏറ്റവും വലിയ നദിയാണ് നർമ്മദ.
- ◆ മധ്യപ്രദേശിലെ മൈക്കല മലനിരകളിലെ അമർക്കണ്ഡക്ക് കുന്നിൽ നിന്നാണ് നർമ്മദ ഉത്ഭവിക്കുന്നത്.
- ◆ ഭ്രംശ താഴ്വരയിലൂടെ ഒഴുകുന്ന ഇന്ത്യയിലെ ഏക നദിയാണ് നർമ്മദ.
- ◆ വിന്ധ്യ-സത്പുര മലനിരകൾക്കിടയിലൂടെ ഒഴുകുന്ന നദിയാണ് നർമ്മദ.
- ◆ ഇന്ത്യയെ വടക്കേ ഇന്ത്യ - തെക്കേ ഇന്ത്യ എന്നിങ്ങനെ വേർതിരിക്കുന്ന നദിയാണ് നർമ്മദ.
- ◆ നർമ്മദ അറബിക്കടലിലാണ് പതിക്കുന്നത്.
- ◆ രേവ (rewa) എന്ന് പ്രാചീനകാലത്ത് അറിയപ്പെട്ടിരുന്ന നദി - നർമ്മദ
- ◆ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ (Indian Subcontinent) അഞ്ചാമത്തെ നീളം കൂടിയ നദിയാണ് നർമ്മദ.
- ◆ ഡക്കാനേയും മാൾവാ പീഠഭൂമിയേയും വേർതിരിക്കുന്നതും നർമ്മദയാണ്.

28. (a) ◆ ആർട്ടിക്കിലെ ഇന്ത്യയുടെ പര്യവേഷണ കേന്ദ്രമായ ഹിമാദ്രി 2008 ജൂലായ് 1-നാണ് ഉദ്ഘാടനം ചെയ്തത്.( Inaugurated by Kapil Sibal)
- ◆ നോർവേയിലെ നൈ അലൈസണ്ടിലാണ് ഹിമാദ്രി സ്ഥിതിചെയ്യുന്നത്.
- ◆ ഇന്ത്യയുടെ ആർട്ടിക് പര്യവേഷണം 2007-ലാണ് ആരംഭിച്ചത്.
- ◆ ഗോവയിലെ നാഷണൽ സെന്റർ ഫോർ അന്റാർട്ടിക് ആൻഡ് ഓഷ്യൻ റിസർച്ച് (NCAOR) ആണ് ഹിമാദ്രിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.
- ◆ ആദ്യ ഇന്ത്യൻ ആർട്ടിക് സംഘത്തെ നയിച്ചത് - രസിക് രവീന്ദ്ര

29. (d), 30. (b)
- ◆ ഇറ്റലിയിൽ വൻതോതിൽ വിളയുന്ന മുന്തിരി പാകമാകാൻ സഹായിക്കുന്നത് 'ഫൊൻ' എന്ന ഉഷ്ണക്കാറ്റാണ്.
- ◆ 'യൂറോപ്യൻ ചിനൂക്ക് 'എന്ന അപരനാമത്തിലും ഫൊൻ അറിയപ്പെടുന്നു.
- ◆ അമേരിക്കയിലെ റോക്കി പർവ്വതത്തിലെ കിഴക്കൻ മലനിരകളിലൂടെ വീശുന്ന ഉഷ്ണ ക്കാറ്റാണ് ചിനൂക്ക്.

31. (d) ◆ എ.ഡി. 849-ലാണ് തരിസാപ്പള്ളി ശാസനം തയ്യാറാക്കപ്പെട്ടത്.
- ◆ ഈ ശാസനത്തിലെ ഉള്ളടക്കം മാർസാപീർ ഈശോയുടെ പ്രേരണയാൽ വേണാട് ഗവർണറായിരുന്ന അയ്യൻ അടികൾ തിരുവടികൾ തരിസാപ്പള്ളിക്കും ചില കുടും ബങ്ങൾക്കും ദാനങ്ങൾ നൽകുന്നതാണ്.
- ◆ ഇതു പ്രകാരം കൊല്ലത്തെ ക്രിസ്ത്യാനികൾക്ക് വിലപ്പെട്ട ഒട്ടനവധി അവകാശങ്ങളും അധികാരങ്ങളും ലഭിച്ചു.
- ◆ കേരളത്തിലെ ക്രിസ്ത്യാനികളെക്കുറിച്ച് കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള ആദ്യത്തെ ശാസനം ആണ് തരിസാപ്പള്ളി ശാസനം.

32. (b) ◆ 1336-ലാണ് വിജയനഗര സാമ്രാജ്യം സ്ഥാപിക്കപ്പെട്ടത്.
- ◆ ഹരിഹരനും ബുക്കനുമാണ് വിജയനഗരത്തിന്റെ സ്ഥാപകർ.
- ◆ ഹരിഹരന്റെയും ബുക്കന്റെയും ഗുരു - വിദ്യാരണ്യൻ
- ◆ വിജയനഗര സാമ്രാജ്യം തുംഗഭദ്രാ നദീ തീരത്താണ് സ്ഥിതി ചെയ്തിരുന്നത്.

TALENT

- വിജയനഗരത്തിൽ ഭരണം നടത്തിയ 4 രാജവംശങ്ങളാണ് സംഗമ, സാലുവ, തുളുവ, അരവിഡു എന്നിവ.
- തുളുവ രാജവംശത്തിലെ പ്രശസ്തനായ ഭരണാധികാരിയായിരുന്നു കൃഷ്ണദേവ രായർ (1509–1529).
- 1565–ൽ വിജയനഗര സാമ്രാജ്യവും ബാഹ്മിനി സാമ്രാജ്യവും തമ്മിൽ നടന്ന തളിക്കോട്ട യുദ്ധത്തോടെ വിജയനഗരം അധപതിച്ചു.

33. (a)
- 1885 ഡിസംബർ 28–നു ബോംബെയിലാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിച്ചത്.
- ഇംഗ്ലീഷുകാരനായ അലൻ ഒക്ടേവിയൻ ഹ്യൂമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സ്ഥാപകൻ.
- INC യുടെ ആദ്യ പ്രസിഡന്റ് – വുമേഷ് ചന്ദ്ര ബാനർജി.
- INC യുടെ ആദ്യ സെക്രട്ടറി - A.O. ഹ്യൂം
- INC യുടെ ആദ്യ വിദേശി പ്രസിഡന്റ് - ജോർജ് യൂൾ (1888)
- രണ്ടു തവണ INC യുടെ പ്രസിഡന്റായ ആദ്യ വിദേശി – വില്യം വെഡർബേൺ (1889 & 1910)
- INC യുടെ പ്രസിഡന്റായ ആദ്യ വനിത – ആനിബസന്റ്
- INC യുടെ പ്രസിഡന്റായ ആദ്യ വിദേശി വനിത – ആനിബസന്റ്

34. (c)
- ഉദയം പേരൂർ സുന്നഹദോസ് നടന്നത് 1599–ൽ ഉദയം പേരൂർ മർത്ത മറിയം പള്ളിയിലാണ്.
- കേരള ക്രൈസ്തവ സഭയിൽ ബാബിലോണിയയിലെ പാത്രിയാർക്കീസിനുണ്ടായിരുന്ന അധികാരത്തിനു പകരം റോമിലെ പോപ്പിന്റെ ആധിപത്യം സ്ഥാപിക്കുകയും സുറിയാനി പ്രാർത്ഥനയുടെ സ്ഥാനത്ത് റോമൻ കത്തോലിക്കാ സഭയുടെ പ്രാർത്ഥനയും ആരാധനാ ക്രമങ്ങളും ഏർപ്പെടുത്തുക എന്നതായിരുന്നു ഉദയം പേരൂർ സുന്നഹദോസിന്റെ ലക്ഷ്യം.
- 813 പ്രതിനിധികൾ ഉദയം പേരൂർ സുന്നഹദോസിൽ പങ്കെടുത്തു.
- ഗോവയിലെ ആർച്ചുബിഷപ്പ് അലക്സിസ്-ഡി-മെനസിസ് ആയിരുന്നു യോഗത്തിന്റെ അധ്യക്ഷൻ.
- ഉദയം പേരൂർ സുന്നഹ ദോസിനെ തുടർന്ന് കേരളത്തിലെ ക്രൈസ്തവ സഭയെ റോമിലെ പോപ്പിന്റെ കീഴിൽ കൊണ്ടു വരികയും ചെയ്തു.

35. (b)
- 1869–1872 വരെയായിരുന്നു മേയോ പ്രഭുവിന്റെ കാലഘട്ടം.
- ആൻഡമാനിൽ വച്ചാണ് മേയോ പ്രഭു വധിക്കപ്പെട്ടത്.
- ഷേർ അലി അഫ്രീദി എന്ന തടവുകാരനാണ് മേയോ പ്രഭുവിനെ വധിച്ചത്.
- 1872 ഫെബ്രുവരി 8ന് ആൻഡമാൻ സന്ദർശനത്തിനിടയ്ക്കാണ് മേയോ പ്രഭു വധിക്കപ്പെട്ടത്.
- ഇന്ത്യയിൽ ആദ്യമായി സെൻസസ് നടന്നത് മേയോ പ്രഭുവിന്റെ കാലത്താണ് (1871).
- സ്റ്റാറ്റിസ്റ്റിക്കൽ സർവ്വേ ഓഫ് ഇന്ത്യക്ക് ആരംഭം കുറിച്ച വൈസ്രോയി മേയോ പ്രഭുവാണ്.



TALENT

- ഇന്ത്യയിൽ കാർഷിക വാണിജ്യ വകുപ്പുകൾ ആരംഭിച്ചതും മേയോ പ്രഭുവാണ്.
- ഇന്ത്യയിൽ സാമ്പത്തിക വികേന്ദ്രീകരണം നടപ്പിലാക്കിയത് മേയോ പ്രഭുവാണ്.
- മേയോ കോളേജ് സ്ഥിതിചെയ്യുന്നത് രാജസ്ഥാനിലെ അജ്മീറിലാണ്.

36. (d)
- ദാദാബായ് നവറോജിയാണ് ഈസ്റ്റ് ഇന്ത്യ അസോസിയേഷന്റെ സ്ഥാപകൻ.
- ലണ്ടനിലാണ് ദാദാബായ് നവറോജി ഈസ്റ്റ് ഇന്ത്യ അസോസിയേഷൻ സ്ഥാപിച്ചത്
- It served as a forum for raising the grievances against the mistreatment of British Govt.
- The primary goal of this association was to bring up the Indian point of view before the British public.
- ഈസ്റ്റ് ഇന്ത്യ അസോസിയേഷന്റെ ആദ്യ പ്രസിഡന്റ് - Lord Lyveden
- ഈസ്റ്റ് ഇന്ത്യാ അസോസിയേഷന്റെ മുഖപത്രം - Journal of the East India Association.
- ബോംബെ അസോസിയേഷന്റെ സ്ഥാപകൻ - ദാദാബായ് നവറോജി
- ഇന്ത്യൻ നാഷണൽ അസോസിയേഷന്റെ സ്ഥാപകൻ - സുരേന്ദ്രനാഥ് ബാനർജി, ആനന്ദ മോഹൻ ബോസ്(1876).

37. (a)
- ഹൈദരാബാദിനെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കാൻ ഇന്ത്യൻ സേന 1948 സെപ്തംബർ 13 മുതൽ സെപ്തംബർ 18 വരെ നടത്തിയ യുദ്ധമാണ് ഓപ്പറേഷൻ പോളോ.
- ഹൈദരാബാദിലെ അവസാന നൈസാമായ ഉസ്മാൻ അലി ഇന്ത്യ സ്വതന്ത്രമായപ്പോൾ ഇന്ത്യൻ യൂണിയനിലോട്ട് ചേരാൻ വിസമ്മതിച്ചതാണ് ഓപ്പറേഷൻ പോളോയ്ക്ക് കാരണമായത്
- ഹൈദരാബാദിലായിരുന്നു ഇന്ത്യയിൽ ആ സമയത്ത് ഏറ്റവും കൂടുതൽ പോളോ ഗ്രൗണ്ട് ഉണ്ടായിരുന്നത് അതുകൊണ്ടാണ് ഈ സൈനിക നടപടിയ്ക്ക് ഓപ്പറേഷൻ പോളോ എന്ന പേര് ലഭിക്കാൻ കാരണം.
- 1961-ൽ ഗോവയെ പോർച്ചുഗീസുകാരിൽ നിന്ന് മോചിപ്പിക്കാൻ നടത്തിയ യുദ്ധമാണ് ഓപ്പറേഷൻ വിജയ് (1961 ഡിസംബർ 18-19).
- ഓപ്പറേഷൻ വിജയ് സമയത്തെ ഇന്ത്യൻ പ്രതിരോധമന്ത്രി - വി.കെ. കൃഷ്ണമേനോൻ
- ഓപ്പറേഷൻ വിജയ് സമയത്ത് ഇന്ത്യൻ കരസേനയുടെ മേധാവി - മേജർ ജനറൽ കുഞ്ഞിരാമൻ പാലാട്ട് കണ്ടത്ത്
- അമൃത്സറിലെ സുവർണ്ണ ക്ഷേത്രത്തിൽ നിന്നും ഖലിസ്ഥാൻ തീവ്രവാദികളെ തുരത്താൻ വേണ്ടി ഇന്ത്യൻ സേന 1986ലും 1988ലും നടത്തിയ സൈനിക നീക്കമാണ് ഓപ്പറേഷൻ ബ്ലാക്ക് തണ്ടർ.
- ജർണയിൽ സിങ് ഭിന്ദ്രൻവാലയുടെ നേതൃത്വത്തിൽ സുവർണ്ണക്ഷേത്രത്തിൽ തമ്പടിച്ചിരുന്ന സിഖ് തീവ്രവാദികളെ തുരത്തുന്നതിനായി ഇന്ത്യൻ സേന നടത്തിയ സൈനിക നടപടിയാണ് ഓപ്പറേഷൻ ബ്ലൂസ്റ്റാർ (1984).

38. (d)

| | | |
|---|---|---|
| 2011 | - | അന്താരാഷ്ട്ര വനവർഷം |
| 2011 | - | അന്താരാഷ്ട്ര രസതന്ത്ര വർഷം |
| 2011 | - | അന്താരാഷ്ട്ര വവ്വാൽ വർഷം |
| 2008 | - | അന്താരാഷ്ട്ര ഭൗമ വർഷം |



TALENT

2008 – അന്താരാഷ്ട്ര ഉരുളക്കിഴങ്ങ് വർഷം

2008 – അന്താരാഷ്ട്ര ശുചിത്വ വർഷം

2009 – അന്താരാഷ്ട്ര ജ്യോതിശാസ്ത്ര വർഷം

2009 – അന്താരാഷ്ട്ര പ്രകൃതിദത്ത നാര് വർഷം

39. (b)
- ചട്ടമ്പി സ്വാമികളുടെ മറ്റു പ്രസിദ്ധ കൃതികളാണ് ക്രിസ്തുമത ഛേദനം (ക്രിസ്തുമത നിരൂപണം), കേരളത്തിലെ ദേശ നാമങ്ങൾ, ആദിഭാഷ, അദ്വൈതപരം, ജീവകാരുണ്യ നിരൂപണം, പ്രാചീന മലയാളം, വേദാദികാര നിരൂപണം എന്നിവ.
- കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിൽ നിർണ്ണായക പങ്കു വഹിച്ച ആത്മീയാചാര്യനായിരുന്നു ചട്ടമ്പിസ്വാമികൾ.
- ചട്ടമ്പി സ്വാമി ജനിച്ചത് തിരുവനന്തപുരത്ത് കണ്ണമ്മൂലയിലെ കൊല്ലൂർ എന്ന സ്ഥലത്താണ് (1853 ആഗസ്റ്റ് 25).
- ചട്ടമ്പി സ്വാമി സമാധി ആയത് കൊല്ലത്തെ പന്മനയിൽവച്ചാണ് (1924 മെയ് 5)

40. (a)
- ഇറ്റാലിയൻ നയതന്ത്രവിദഗ്ദ്ധനും, തത്ത്വശാസ്ത്രജ്ഞനും, രാഷ്ട്രീയ തത്ത്വശാസ്ത്രജ്ഞനും, എഴുത്തുകാരനുമായിരുന്നു നിക്കോളോ മാക്യവെല്ലി.
- മാക്യവെല്ലിയുടെ പ്രശസ്തമായ രചനയാണ് 'ദി പ്രിൻസ്'.
- മൗര്യ സാമ്രാജ്യ സ്ഥാപകനായ ചന്ദ്രഗുപ്ത മൗര്യന്റെ മന്ത്രിയായിരുന്ന വിഷ്ണുഗുപ്തനെയാണ് 'ഇന്ത്യൻ മാക്യവെല്ലി' എന്ന് വിളിക്കുന്നത്.
- വിഷ്ണുഗുപ്തന്റെ മറ്റുപേരുകളാണ് കൗടില്യൻ, ചാണക്യൻ എന്നിവ.
- ചാണക്യന്റെ പ്രശസ്തമായ രചനയാണ് അർത്ഥശാസ്ത്രം.
- 'മറാത്ത മാക്യവെല്ലി' എന്നറിയപ്പെടുന്നത് – ബാലാജി വിശ്വനാഥ്

41. (a)
- ഇന്ത്യയിലെ ഏറ്റവും വലിയ നദിയായ ഗംഗയുടെ ഏറ്റവും വലിയ പോഷക നദിയാണ് യമുന.
- ഏറ്റവും കൂടുതൽ പോഷക നദികളുള്ള ഇന്ത്യൻ നദിയാണ് ഗംഗ.
- ഗംഗയും യമുനയും കൂടിച്ചേരുന്നത് ഉത്തർപ്രദേശിലെ അലഹബാദിൽ വച്ചാണ്.
- ഗംഗയ്ക്കും യമുനയ്ക്കുമൊപ്പം സരസ്വതി നദികൂടി ഭൂമിക്കടിയിലൂടെ ഇവിടെ ഒഴുകി എത്തുന്നുവെന്നാണ് സങ്കൽപ്പം. ' ത്രിവേണി സംഗമം' എന്ന് ഇതറിയപ്പെടുന്നു.
- യമുന, രാമഗംഗ, കോസി, ദാമോദർ, സോൺ, ഘാഗ്ര, ഗോമതി, മഹാനന്ദ, ഗന്ധക്ക് തുടങ്ങിയവയാണ് ഗംഗയുടെ പ്രധാന പോഷക നദികൾ.
- പുരാണങ്ങളിൽ കാളിന്ദി എന്ന് അറിയപ്പെട്ടിരുന്നത് യമുനയാണ്.
- ചംബൽ, റിൻസ്, ബേത്വ, കെൻ എന്നിവയാണ് യമുനയുടെ പ്രധാന പോഷക നദികൾ.

42. (b)
- പഞ്ചായത്തീരാജ് എന്ന പദം ആദ്യം ഉപയോഗിച്ചത് ജവഹർലാൽ നെഹ്റുവാണ്.
- ബൽവന്ത് റായ് മേത്ത കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നത്.
- ബൽവന്ത് റായ് മേത്ത കമ്മീഷൻ രൂപീകരിച്ച വർഷം – 1957
- പഞ്ചായത്തീരാജ് സംവിധാനം ആദ്യം നിലവിൽ വന്നത് രാജസ്ഥാനിലെ നാഗൂർ ജില്ലയിലാണ് (1959).
- കേരളത്തിൽ പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നത് 1994 ഏപ്രിൽ 23.

TALENT

- കേരളത്തിൽ പഞ്ചായത്തീരാജ് നിയമം പാസാക്കുമ്പോൾ മുഖ്യമന്ത്രി കെ. കരുണാകരൻ ആയിരുന്നു.
- കേരളത്തിൽ പഞ്ചായത്തീരാജ് നിലവിൽ വന്നപ്പോൾ മുഖ്യമന്ത്രി എ.കെ. ആന്റണി ആയിരുന്നു.

43. (c)
- കേരളത്തിലെ നിയമസഭയിലേക്ക് വേണ്ടിയുള്ള ആദ്യ തിരഞ്ഞെടുപ്പ് നടന്നത് 1957 ഫെബ്രുവരി 28 മുതൽ മാർച്ച് 1 വരെയാണ്.
- ആദ്യ നിയമസഭയിൽ 126 തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണ് ഉണ്ടായിരുന്നത്. അതിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗത്തെയും ചേർത്ത് 127 അംഗങ്ങൾ ഉണ്ടായിരുന്നു. 6 പേർ വനിതാ അംഗങ്ങൾ ആയിരുന്നു.
- ആദ്യ കേരള നിയമസഭ നിലവിൽ വന്നത്-1957 ഏപ്രിൽ 1
- ആദ്യ കേരള മന്ത്രിസഭ നിലവിൽ വന്നത് - 1957 ഏപ്രിൽ 5
- ആദ്യ കേരള മന്ത്രിസഭയിലെ അംഗങ്ങൾ - 11
- ആദ്യ കേരള മന്ത്രിസഭയിലെ വനിത അംഗങ്ങളുടെ എണ്ണം 1. (കെ. ആർ. ഗൗരിയമ്മ - റവന്യൂ വകുപ്പ്)
- 13-ാം നിയമസഭയിലെ വനിതാ അംഗങ്ങളുടെ എണ്ണം - 7

44. (b)
- സമുദ്ര നിരപ്പിൽ നിന്നു ഏകദേശം 3 കിലോമീറ്ററിനേക്കാൾ കൂടുതൽ ഉയരത്തിലാണ് അന്റാർട്ടിക്ക സ്ഥിതിചെയ്യുന്നത്.
- ഭൂമിയിലെ ഏറ്റവും തണുപ്പ് കൂടിയതും വരണ്ടതുമായ ഭൂഖണ്ഡമാണ് അന്റാർട്ടിക്ക.
- ഏറ്റവും വലിയ അഞ്ചാമത്തെ ഭൂഖണ്ഡമായ അന്റാർട്ടിക്ക മനുഷ്യവാസമില്ലാത്ത ഭൂഖണ്ഡമാണ്.
- ഏറ്റവും കൂടുതൽ കാറ്റ് വീശുന്ന പ്രദേശമാണ് അന്റാർട്ടിക്ക.
- ഭൂമിയുടെ ദക്ഷിണധ്രുവം അന്റാർട്ടിക്ക ഭൂഖണ്ഡത്തിലാണ് സ്ഥിതിചെയ്യുന്നത്.
- 1820-ൽ റഷ്യൻ നാവികസേനയിലെ കപ്പിത്താനായ ഫാബിയാൻ എന്ന വ്യക്തിയാണ് അന്റാർട്ടിക്ക എന്ന ഭൂഖണ്ഡം ആദ്യമായി കണ്ടെത്തിയത്. (1820 ജനുവരി 27നാണ് ഫാബിയാൻ അന്റാർട്ടിക്ക കണ്ടെത്തിയത്)
- 1959-ൽ 12 രാജ്യങ്ങൾ ചേർന്നാണ് അന്റാർട്ടിക് ഉടമ്പടി ഒപ്പുവച്ചത് (ഇപ്പോൾ 50 രാജ്യങ്ങൾ ഈ ഉടമ്പടിയിൽ ഒപ്പുവച്ചിട്ടുണ്ട്). 1961-ൽ ഈ ഉടമ്പടി നിലവിൽ വന്നു.

45. (a)
- സ്ത്രീകളുടെയും കുട്ടികളുടെയും സേവനത്തിനും ശാക്തീകരണത്തിനുമായി ഇന്ത്യാ ഗവൺമെന്റിന്റെ വനിതാ-ശിശു വികസനമന്ത്രാലയം നടപ്പാക്കിയ സാമൂഹിക സുരക്ഷാപദ്ധതി ആണ് സംയോജിത ശിശു വികസന പദ്ധതി.
- 6 വസ്സിൽ താഴെയുള്ള കുട്ടികൾ അവരുടെ അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ തുടങ്ങിയവരുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തൽ, പോഷകാഹാരകുറവ് അടക്കമുള്ള പ്രശ്നങ്ങളെ പരിഹരിക്കൽ തുടങ്ങിയവയാണ് ICDS ന്റെ പ്രധാന പ്രവർത്തനങ്ങൾ.
- കേരളത്തിൽ ICDS ആദ്യമായി ഉദ്ഘാടനം ചെയ്തത് മലപ്പുറം ജില്ലയിലെ വേങ്ങരയിലാണ്

TALENT

46. (d) ◆ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ്.

47. (c) ◆ പഞ്ചായത്തീരാജ് സംസ്ഥാന ലിസ്റ്റിലാണ് ഉൾപ്പെടുന്നത്.
- ◆ 1957ലാണ് ബൽവന്ത്റായ് മേത്ത സമിതി റിപ്പോർട്ട് സമർപ്പിച്ചത്.
- ◆ ഇന്ത്യയിൽ ആദ്യമായി പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നത് രാജസ്ഥാനിലെ നാഗൂർ ജില്ലയിലാണ് (1959 ഒക്ടോബർ 2)
- ◆ പഞ്ചായത്തീരാജ് നിയമം ആദ്യമായി പാർലമെന്റിൽ അവതരിപ്പിച്ചത് രാജീവ് ഗാന്ധിയാണ്.
- ◆ 1992-ലാണ് പഞ്ചായത്തീരാജ്, നഗരപാലിക ബില്ലുകൾ പാർലമെന്റ് പാസ്സാക്കിയത്.
- ◆ 1993-ൽ നരസിംഹറാവു ഗവൺമെന്റിന്റെ കാലത്താണ് പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നത്.
- ◆ 73-ാം ഭരണഘടന ഭേദഗതി പ്രകാരം ഭരണഘടനയുടെ പതിനൊന്നാം പട്ടികയിലാണ് പഞ്ചായത്തീരാജ് ഉൾപ്പെടുത്തിയിരിക്കുന്നത്.
- ◆ 73-ാം ഭരണഘടന ഭേദഗതി പ്രകാരമാണ് പഞ്ചായത്തീരാജ് വ്യവസ്ഥ ഇന്ത്യയിൽ ആകമാനം നിലവിൽ വന്നത്.
- ◆ അശോക് മേത്താ കമ്മീഷൻ പഞ്ചായത്തീരാജ് നിയമവുമായി ബന്ധപ്പെട്ടതാണ്.

48. (a), 49. (d)
- ◆ 2013 ജൂണിലെ കണക്കനുസരിച്ച് 1 മുഖ്യ വിവരാവകാശ കമ്മിഷണറും 5 വിവരാവകാശ കമ്മീഷണറും ചേർന്ന് 6 ആണ് കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിലെ അംഗസംഖ്യ.
- ◆ 2005 ഒക്ടോബർ 12 മുതലാണ് വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നത്.
- ◆ കേരളത്തിലെ മുഖ്യ വിവരാവകാശ കമ്മീഷണറായ ആദ്യ വ്യക്തി പാലാട്ട് മോഹൻ ദാസ്
- ◆ ദേശീയ വിവരാവകാശ കമ്മീഷനിൽ 8 അംഗങ്ങളാണുള്ളത്
- ◆ ദേശീയ വിവരാവകാശ കമ്മീഷണറായ ആദ്യ വ്യക്തി - വജാഹത് ഹബീബുള്ള

50. (b) ◆ പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള ദേശീയ പട്ടിക വർഗ്ഗ കമ്മീഷൻ രൂപീകരിച്ചത് 2003-ലെ 89-ാംഭരണഘടനാ ഭേദഗതി വഴിയാണ്
- ◆ ദേശീയ പട്ടികവർഗ്ഗ കമ്മീഷൻ നിലവിൽ വന്നത് 2004-ലാണ്.

51. (b) ◆ ജാതിവ്യക്തിഭേദം കൽപ്പിക്കുവാൻ കഴിയാത്തതുകൊണ്ട് മേയനാമം. മാങ്ങ, അവൻ, നദി ഇവയെല്ലാം ജാതിവ്യക്തിഭേദം കൽപ്പിക്കുവാൻ കഴിയുന്നവയാണ്.

52. (a) ◆ പൂർവ്വപദം ഒരു സംഖ്യയെ സൂചിപ്പിക്കുകയും, ഉത്തര പദത്തിന് പ്രാധാന്യവും ഉള്ളതിനാൽ ഇത് ദ്വിഗു സമാസം

**നവരസങ്ങൾ**

നവ - എണ്ണത്തെ സൂചിപ്പിക്കുന്നു. ഉത്തര പദാർത്ഥ പ്രാധാന്യം രസത്തിനാണ്. അതുകൊണ്ട് നവരസങ്ങൾ ദ്വിഗു സമാസമാണ്.

53. (c) (നീയിങ്ങനെ ചിന്തിച്ചുപോയാൽ ഞാനെന്തു ചെയ്യാനാണ്.)

54. (b)

55. (a) 56. (d) 57. (c)

58. (d) ◆ ചാരുലത എന്ന കവിതാ സമാഹാരത്തിനാണ് 2010-ൽ വിഷ്ണുനാരായണൻ നമ്പൂതിരിക്ക് വയലാർ അവാർഡ് ലഭിച്ചത്

TALENT

59. (c) 60. (b)

61. (d) $\frac{48-12\times3+9}{10-9\div3} = \frac{48-36+9}{10-3} = \frac{21}{7} = 3$

62. (a) $(64)^2 - (36)^2 = 20\,x$

$(64+36)\,(64-36) = 20\,x$

100 28 = 20 ; = 140

63. (c) ആകെ കുട്ടികളുടെ 40% = 240

ആകെ കുട്ടികൾ = = 600

64. (b) 1നാരങ്ങയുടെ വാങ്ങിയവില= $\frac{1}{2}$ ; 1നാരങ്ങയുടെ വിറ്റവില = $\frac{3}{4}$

ലാഭശതമാനം = $\frac{\frac{3}{4}-\frac{1}{2}}{\frac{1}{2}} \times 100\%$ = [illegible]

$= \frac{1}{4} \times 200\% = 50\%$

65. (d) A= P $= 500\left(1+\frac{10}{100}\right)^2$

$= 5000\ (\frac{11}{10} \times \quad ) = 121 \times 50 = 6050$

66. (a) ത്രികോണത്തിന്റെ വശങ്ങൾ 3 , 4 , 5 എന്നിവയായാൽ ചുറ്റളവ്,
3 +4 +5 =120 12 = 120 = 10
ത്രികോണത്തിന്റെ ഏറ്റവും ചെറിയ വശത്തിന്റെ നീളം = 3
= 3 10 = 30

67. (d) A = 2B B = 3C

A = 48 48=2B B=24 24=3C C = =8



TALENT

68. (b) $M_1D_1 = M_2D_2$

$D_2 = \frac{M_1 D_1}{M_2} = \frac{6 \times 12}{8} = 9$ ദിവസം

69. (a) 6 സംഖ്യകളുടെ തുക = $45 \times 6$ = 270
7 സംഖ്യകളുടെ തുക = 46 7 = 322
പുതിയതായി ഉൾപ്പെടുത്തിയ സംഖ്യ = 322-270
= 52

70. (c) സമചതുരത്തിന്റെ വിസ്തീർണ്ണം = $64cm^2$
സമചതുരത്തിന്റെ വശത്തിന്റെ നീളം = = 8 cm
സമചതുരത്തിന്റെ ചുറ്റളവ് = $4 \times$ വശത്തിന്റെ നീളം = 4 8 = 32cm

71. (b) 1 , 5 , 13 ,25 ,41, 61 (+4, +8, +12, +16, +20)

72. (c) സംഖ്യകൾ 6,12,18,24,30

73. (d) 84 ഒരു പൂർണ്ണവർഗസംഖ്യ അല്ല.

74. (a) = $x^2$+2+

$(2)^2 = x^2 + \quad +2 \qquad x^2 + \quad = 4-2 \qquad x^2 + \quad = 2$

75. (c) $5 \times 8$ = 49 (5-1)(8+1)
6 7 = 58 (6-1) (7+1)
2 2 = 13 (2-1) (2+1)
അതുപോലെ 3 5 = (3-1) (5+1) = 26

76. (b) 2008 അധിവർഷമായതിനാൽ 2009 ജനുവരി 1 വ്യാഴാഴ്ചയായിരിക്കും

77. (d) 3.30ന് മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോൺ അളവ് = $90^0-15^0 = 75^0$

78. (a) ക്യൂവിലെ ആകെ ആളുകൾ = 10+8-1 = 17

79. (c)




ദൂരം = = $\sqrt{9+16} = \sqrt{25}$ = 5km

80. (b)

| | | | | | | | |
|---|---|---|---|---|---|---|---|
| 0 | 1 | 2 | 3 | 4 | 5 | 6 | 7 |
| A | B | C | D | E | F | G | H |

TALENT

CFH 257
BDE 134
അതുപോലെ 560 FGA

> ➢ 'ടൈറ്റാനിയ' ഏതു ഗ്രഹത്തിന്റെ ഉപഗ്രഹമാണ്
> **യുറാനസ്**
> ➢ 'ടൈറ്റൻ' ഏതു ഗ്രഹത്തിന്റെ ഉപഗ്രഹമാണ്
> **ശനി**

81. (d)
- Part with - വേർപിരിയുക
- At last the husband and the wife decided to part with

82. (b) സമ്മാനത്തിനർഹമായ ബുക്ക് ഏതോ അത് എന്ന അർത്ഥത്തിൽ.
- This is the place where I was born
- You are the person that we are looking for

83. (a)
- I have ever seen - 'ഞാൻ കണ്ടിട്ടുള്ളതിൽ വച്ച്' എന്നുള്ളതുകൊണ്ട് ഏറ്റവും മനോഹരമായ എന്ന അർത്ഥം വരണമെങ്കിൽ superlative ആയിരിക്കണം. അതുകൊണ്ട് the most beautiful ആണ് ശരി.

| Positive | Comparative | Superlative |
|---|---|---|
| beautiful | more beautiful | the most beautiful |

84. (c)
- ഇവിടെ ഒരു clause ൽ 'was' വന്നതുകൊണ്ട് പിന്നീടുള്ള clause ഉം Past ആയിരിക്കണം.
- will, must, may, can എന്നിവയ്ക്ക് Future action ആയിരിക്കും.
- മറ്റ് യാത്രാ സൗകര്യങ്ങൾ / മാർഗ്ഗങ്ങൾ ഇല്ലാതിരുന്നതുകൊണ്ട് (was no...) ഞങ്ങൾക്ക് നടക്കേണ്ടി വന്നു had to walk
  will walk - നടക്കും,
  must walk - നടന്നേ മതിയാകൂ

85. (c)
- Plants plural ആയതുകൊണ്ട് Verb ഉം plural ആയിരിക്കണം
- grows - singular ആണ്.
- ഈ ആശയം ഒരു natural phenomenon ആയതുകൊണ്ട് present simple (v1) ആയിരിക്കും
  Eg: Trees lose their leaves in autumn

86. (d)
- 'asked' $V_2$ ആയതുകൊണ്ട് പിന്നീട് വരുന്ന Auxiliary verb ഉം past ആയിരിക്കണം.
- Reported speech ന്റെ നിയമം
- b ഓപ്ഷനിൽ would be യും c ഓപ്ഷനിൽ had been നും ആയിരുന്നുവെങ്കിൽ അവയേയും ഉത്തരമായി എടുക്കാവുന്നതാണ്.

87. (b)
- ഇവിടെ 'for' വന്നതുകൊണ്ട് present perfect ഓ, past perfect ഓ ആണ് ശരി.
  എന്നാൽ 'He is still in hospital' എന്നുള്ളതുകൊണ്ട് present perfect ആണ് ശരി.
- He had been ill for many days when I saw him last month.
  ഇവിടെ 'saw' past ആയതുകൊണ്ട് had been ആണ് ശരി.

TALENT

88. (a) ◆ Sentence negative ആയതുകൊണ്ട് Tag positive ആയിരിക്കും.
◆ Subject ന് അനുസരിച്ചുള്ള Pronoun ആയിരിക്കണം Tag ൽ ഉണ്ടായിരിക്കേണ്ടത്.

89. (b) ◆ sub + advised + pronoun + to infinitive
◆ വ്യക്തികളെ ഉപദേശിക്കുന്നതിനാണ് advise (somebody) to do (something) എന്ന പ്രയോഗം.
eg: The doctor advised me <u>to give up</u> smoking
◆ വ്യക്തിയെ പറയാതെ ഒരു കാര്യം ചെയ്യാൻ ഉപദേശിക്കുക എന്ന അർത്ഥത്തിൽ പൊതുവായി ഉപയോഗിക്കുമ്പോൾ 'advise' ന് ശേഷം verb + ing ആണ് വേണ്ടത്.
eg: All doctors advise <u>giving up</u> smoking.

90. (a) ◆ 'perish' എന്നാൽ 'die' എന്നാണർത്ഥം. Perish/die എന്നീ വാക്കുകൾ intransitive ആണ്. അതുകൊണ്ട് അതിന് Passive Voice ഇല്ല. were/was killed ശരിയാണ്. കാരണം 'kill' transitive verb ആണ്.
◆ Many people died in the accident ആണ് ശരി.
were died എന്ന പ്രയോഗം ശരിയല്ല.
◆ were dead ശരിയാണ്. ഇവിടെ 'dead' adjective ആണ്.

91. (c) ◆ 'data' countable plural ആയിട്ട് ഉപയോഗിക്കുന്നു. from all possible sources എന്നുള്ളതുകൊണ്ട് collect ചെയ്യുന്ന കാര്യം plural ആയിരിക്കും.

92. (a) ◆ make shift barricades / shelter - എന്നിവ തല്ക്കാലത്തേയ്ക്ക് ഉപയോഗിക്കാൻ വേണ്ടി നിർമ്മിച്ചത് എന്നർത്ഥം.
◆ Make shift barricades were erected in the wake of the President's visit to the state.
◆ make believe - വിശ്വസിപ്പിക്കുന്ന തരത്തിലുള്ള

93. (a)

94. (d) ◆ progress - verb ആയതുകൊണ്ട് Adv. ആയിരിക്കും.
◆ by leaps and bounds
Eg: The construction of the bridge completed by leaps and bounds.

<u>Select proper prefix:</u>

95. (c) ◆ <u>Ultrasonic waves</u> + verb ആയിരിക്കണം structure: sub + verb
◆ able ന്റെ verb - enable ആണ്.
◆ unable - adjective ആണ്.

96. (b) Eg: He accepted the statement without any fuss/more ado

97. (a) (action x inaction)

98. All are correct spelling

99. (b) ◆ <u>Structure:</u> Sub + verb + adjective
Albert Einstein + was + genius

<u>Select the one-word equivalent of the words underlined:</u>

100.(a) Structure : Sub + Verb + adj.

| | |
|---|---|
| Adapt (v) - യോജിപ്പിക്കുക | Adept (adj.) - വിദഗ്ധമായ, നിപുണമായ |
| Adopt (v) - ദത്തെടുക്കുക, സ്വീകരിക്കുക | inept (adj.) - അസംബന്ധമായ |

TALENT